7

# ന്യായാധിപന്മാരുടെ കാലം

## യോശുവയുടെ മരണംമുതൽ ശൗലിനെ അഭിഷേകം ചെയ്യുന്നതുവരെ

## ബി.സി. 1400-1095

## (ന്യായാധിപന്മാർ, രൂത്ത്, 1 ശമു. 1-10)

### I. മതപരമായ അവസ്ഥ.

യിസ്രായേലിന്റെ മതപരമായ അവസ്ഥ ഇങ്ങനെ ചുരുക്കാവുന്നതാണ്:

**1. സദാചാരഭ്രംശത്തിൽനിന്നു വിഗ്രഹാരാധനയിലേക്ക്.** - കാരണങ്ങൾ കാണാവുന്നത്

*a. വിഗ്രഹാരാധകരായ വംശം* (*ഒ.വാ.* ഉൽപ. 31:19; 35:2; യോശു. 24:2-14).- അബ്രഹാം വിഗ്രഹാരാധന നീക്കം ചെയ്തു, എന്നാൽ യാക്കൊബിന്റെ വിവാഹത്തോടെ അതു കുടുംബജീവിതത്തിലേക്കു വീും കടന്നുവന്നു; പിന്നീട്, വിഗ്രഹങ്ങളെ യാക്കൊബ് കുഴിച്ചുമൂടിയെങ്കിലും, അതിന്റെ ചില രൂപങ്ങൾ ഒരുപക്ഷെ തുടർന്നിരിക്കാം.

*b. അവരുടെ മിസ്രയീം അടിമത്വം* (*ഒ.വാ.* പുറ. 32:21-34; യോശു. 24:14).- യിസ്രായേൽ വിഗ്രഹാരാധനയിൽ അത്രമാത്രം ആഴത്തിൽ ലയിച്ചു ചേർന്നതുകൊാണ് സീനായി പർവ്വതത്തിനരികിൽവെച്ച് അതു പ്രകടമാക്കിയത്; മരുഭൂമിയിലെ അച്ചടക്കത്തിനു അവരുടെ ആ ചിന്താഗതി പൂർണ്ണമായി ഒഴിവാക്കുവാൻ കഴിഞ്ഞില്ല എന്നു യോശുവയുടെ ആഹ്വാനം തെളിയിക്കുന്നു.

*c. കനാന്യ ഗോത്രങ്ങളുടെ മലിനീകരണം.* - അക്കാലത്ത് മതത്തെ വിലകുറച്ചു ക കേന്ദ്രമായിരുന്നു കനാൻ. തങ്ങളുടെ സ്വന്ത ഇഷ്ടപ്രകാരം മതത്തെ ഉപയോഗിച്ച രാജ്യങ്ങളായിരുന്നു കാർത്തേജും, ഗ്രീസും റോമും. അതുകൊു ദൈവത്തിന്റെ ആജ്ഞയെ കനാന്യർ ഒന്നുകിൽ ഉപേക്ഷിക്കുകയോ അല്ലെങ്കിൽ ത്യജിക്കുകയോ ചെയ്തു. യാസ്രായേലിന്റെ സുരക്ഷിതത്വം അതായിരുന്നു. അമ്മോന്യരുടെ അകൃത്യം നിറഞ്ഞു കവിഞ്ഞിരുന്നു. ദൈവത്തിന്റെ കല്പനകൾ അനുസരിക്കാതിരുന്നതും, തുടർന്നു നടന്ന മിശ്രവിവാഹവും, വിശുദ്ധമതത്തെ ഇടവിടാതെ അസഹ്യപ്പെടുത്തിക്കൊിരുന്നു.

**2.അടിക്കടിയുള്ള പീഢനങ്ങൾ.** - അടുത്തുള്ള ഗോത്രങ്ങൾ തമ്മിലുള്ള പീഢനങ്ങൾ സ്വാഭാവിക ഫലമായിരുന്നു. ധാർമ്മികമായി ബലഹീനരായവർ രാഷ്ട്രീയമായി ബലഹീനരായിത്തീർന്നു. അവർ അച്ചടക്ക തീരുമാനത്തിലുമായിരുന്നു. പിന്നെയും പിന്നെയും, മോവാബ്യർ, മിദ്യാന്യർ, ഫെലിസ്ത്യർ എന്നിവരാലുള്ള ശിക്ഷയാൽ, യിസ്രായേൽ പശ്ചാത്തപിച്ചു അവരെ പീഢിപ്പിച്ചിരുന്നവരുടെ വിഗ്രഹാരാധന വിട്ട് യെഹോവയെ ആരാധിക്കുന്നതിലേക്ക് തിരിഞ്ഞു. അവസാനം നിർമ്മലമായ വിശ്വാസം വിജയിച്ചു.

**3. വിടുവിക്കുന്നവരായ ന്യായാധിപന്മാരുടെ ഒരു നിര.** – അവർ യോജിച്ച പുരുഷന്മാരായിരുന്നില്ല. ക്രിസ്തീയ വിശ്വാസനായകന്മാരിൽ നിന്നു എത്രയോ താഴെ ആയിരുന്നു അവർ. പലപ്പോഴും അന്ധവിശ്വാസമുള്ളവരും, ഭോഗേച്ഛയുള്ളവരും, ധാർമ്മിക ബലഹീനരും ആയിരുന്നു എങ്കിലും, ദൈവത്തിൽ വിശ്വസിച്ചിരുന്നവരായിരുന്നു. അത്തരം സമയത്ത് അത് അധികമായിരുന്നു. *അവരുടെ* കാലത്തിനപ്പുറമായി അവർ ഉയർന്നു, പൗലൊസും ലൂദറും *അവരുടെ* കാലത്ത് ഉയർന്നതു പോലെ, അവരും വിശ്വാസവീരന്മാരുടെ പട്ടികയിലായി. അതിലുപരിയായി, അവർ ദേശസ്നേഹികളായിരുന്നു . കടുത്ത ഗോത്രത്തിന്റേയും പ്രാദേശിക അസൂയയുടേയും കാലത്ത്, അവർ വലിയ ദേശസ്നേഹികളായിരുന്നു. അവർ അന്നത്തെ ടെൽസും, വല്ലാസസും വാഷിങ്ങ്ടണും ആയിരുന്നു.

## II. രാഷ്ട്രീയസ്ഥിതി.

രാഷ്ട്രീയമായി ദേശീയ സംഘടനയോ, ദേശീയതലസ്ഥാനമോ, അല്ലെങ്കിൽ ദേശീയ തലയോ ഇല്ലായിരുന്നു. മോശെ മതപരമായ ഒരു വ്യവസ്ഥ നൽകി, എന്നാൽ നല്ല-നിലയിലുള്ള ഒരു രാഷ്ട്രീയ നയം ഇല്ലായിരുന്നു. പന്ത്രു ഗോത്രങ്ങളുായിരുന്നതു, പൊതുവായ പ്രതിരോധത്തിനു അവർ യോജിച്ചിരുന്നു ചിലപ്പോൾ, വഴക്കുാക്കി ഉന്മൂലനാശത്തിന്റെ വക്കിൽപോലും എത്തിയിരുന്നു. അവരുടെ അവസ്ഥ എഗ്ബെർഗിന്റെ നേതൃത്വത്തിൽ ഐക്യതയിലാകുന്നതിനു മുൻപുള്ള ആംഗ്ലോ-സാക്സൺ ഹെപ്റ്റാർക്കിയെ പോലെ എന്നു താരതമ്യം ചെയ്യാവുന്നതാണ്. എങ്ങനെയായാലും, അവർ ചെറിയ ഒരു ഡസൻ ദേശങ്ങളായി ഛിന്നമാകാതെ, മൂന്നായി യോജിച്ചു, അതു.:

*a. പൊതുവായ ഒരു വംശവും ചരിത്രവും.* – വംശത്തിന്റെ സ്ഥാപകൻ അബ്രഹാമായിരുന്നു; അവർ തങ്ങളുടെ ബഹുമാനം തുല്യമായി യിസഹാക്കിനും യാക്കൊബിനും നല്കി; എന്നാൽ യോസേഫ്, മോശെ, യോശുവ തുടങ്ങിയവരുടെ പേരിന്റെ മാഹാത്മ്യവും, ചെങ്കടലിന്റേയും യോർദ്ദാനിന്റേയും മഹത്വവും, വിജയവും, ദേശിയ പൈതൃകമായിരുന്നു.

*b. പൊതുവായ, ഒരു എബ്രായ ഭാഷ.* – വ്യത്യസ്ത ഉപഭാഷകൾ ഉായിരുന്നതായി സൂചനയു്, എന്നാൽ ആൽഫ്രെഡിന്റെ കാലത്ത്, ഇംഗ്ലിൽ ഉായിരുന്നത്ര വലുതായിരുന്നില്ല.

*c. പൊതുവായ ഒരു മതം.* – സമാഗമനകൂടാരം സ്ഥാപിച്ചിരുന്നതു ശീലോവിൽ ആയിരുന്നു. അവിടെ ആയിരുന്നു യാഗപീഠം. അവിടെ ആയിരുന്നു ദേശത്തിലെ മഹാപുരോഹിതൻ താമസിച്ചിരുന്നത്. ദേശീയയാഗങ്ങൾ അവിടെ വെച്ചായിരുന്നു നടത്തിയിരുന്നത്. വലിയ മൂന്നു ദേശീയ പെരുന്നാളുകൾക്ക് ഗോത്രപ്രതിനിധികൾ പോയിരുന്നതു അവിടെയായിരുന്നു. അവിടെ കേന്ദ്രീകരിച്ചായിരുന്നു സൈന്യം പ്രവർത്തിച്ചിരുന്നത്. ഗ്രീക്കുകാർക്കും അതേ ബന്ധമായിരുന്നു ഉായിരുന്നത്; എന്നാൽ പ്രാരംഭത്തിൽ വളർന്നു വന്ന ഭൂമിശാസ്ത്രപരമായ അവസ്ഥകൾ ആഴമുള്ളതും വ്യക്തിയധിഷ്ഠിതവുമായിരുന്നു, പക്ഷെ *അവർ* ഒരിക്കലും ഒരു ദേശമായി ഒത്തുചേർന്നില്ല. ശമുവേൽ പ്രവാചകന്റേയും ദാവീദ് രാജാവിന്റേയും ഉന്നതമായ വിശ്വാസത്താൽ ഒരു ദേശമായി തീരുന്നതുവരെ എബ്രായരുടെ ആ ബന്ധം തുടർന്നു.

## III. ആറു പ്രധാന ആക്രമണം.

ആ ദേശീയ ജീവിതത്തിന്റെ വന്യമായ കാലയളവിൽ, പുറമെ നിന്നും ആറു പ്രധാന ആക്രമണം നടക്കുന്നു്. നാം കതുപോലെ, അതു മത ഭ്രംശത്തിന്റേയും, ദൈവവിധിയുടേയും സ്വാഭാവികഫലങ്ങളായിരുന്നു. “യിസ്രായേൽമക്കൾ യഹോവയുടെ മുൻപാകെ ദുഷ്ടത പ്രവർത്തിച്ചു”; “യിസ്രായേൽമക്കൾ ദൈവത്തെ വിളിച്ചപേക്ഷിച്ചു”– അത്തരം പകരമുള്ള വാചകങ്ങൾ, ന്യായാധിപന്മാരുടെ[1] പുസ്തകത്തിൽ പത്തുപ്രാവശ്യം ആവർത്തിച്ചു പറയുന്നു്, അത് ധാർമ്മികതയുടെ പ്രാധാന്യത്തെ ചരിത്രം എടുത്തു കാണിക്കുന്നതാണ്. അതെല്ലാം നോർമാന്റെ വിജയം, അഥവാ കുരിശുയുദ്ധത്തിന്റെ തികച്ചും മാനുഷികമായ അവസ്ഥയെ കാണിക്കുന്നു; എന്നാൽ അതിന്റെ പരമപ്രധാനം എന്തെന്നാൽ അച്ചടക്കത്താൽ യിസ്രാ യേൽ യഹോവ ദൈവമായുള്ള ഒരു ദേശമായി.

**1. കിഴക്കുനിന്നുള്ള മെസൊപ്പൊത്തോമിയൻ ആക്രമണം.** – അബ്രഹാമിന്റെ കാലത്ത് എഫ്രാത്തിലെ പ്രഭുക്കന്മാർ തങ്ങളുടെ സാമ്രാജ്യം യോർദ്ദാൻ വരെ വിപുലമാക്കി ലോത്തിനെയും കൊുപോയതു നാം ക താണ്. അഞ്ഞൂറു വർഷം കഴിഞ്ഞു. ആ താഴ്വരയിൽനിന്നു മറ്റൊരു പ്രഭു വന്നു മറ്റൊരു പാശ്ചാത്യ ആക്രമണം നടത്തി. എട്ടു വർഷത്തെ യിസ്രായേലിന്റെ വിലാപത്തെതുടർന്നു, കാലേബിന്റെ അനന്തരവനായ ഒഥനയേലിന്റെ നേതൃത്വത്തിൽ, ആക്രമണക്കാരെ പ്രതിരോധിച്ച് അവരെ എഫ്രാത്തിലേക്കു മടക്കി അയച്ചു.

**2. തെക്കുനിന്നുള്ള മോവാബ്യരുടെ ആക്രമണം.** – ചാവുകടലിന്റെ കിഴക്കു വസിച്ചിരുന്ന, ലോത്തിന്റെ പിൻഗാമികളായിരുന്നു, മോവാബ്യർ. എഗ്ലോന്റെ നേതൃത്വത്തിൽ അവർ തെക്കുകിഴക്കൻ ഗോത്രങ്ങളെ കീഴ്പ്പെടുത്തി, യോർദ്ദാൻ കടന്നു പതിനെട്ടു വർഷങ്ങളോളം യെരിഹോ പിടിച്ചടക്കിയിരുന്നു. ബെന്യാമീനായിരുന്ന ഏഹൂദ്, ഗോത്രങ്ങളിൽനിന്നു കപ്പം പിരിച്ച്, യെരിഹോവിലെ എഗ്ലോവിനു കൊടുക്കുമായിരുന്നു. രഹസ്യമായ ഒരു മുഖാമുഖത്തിൽ അവൻ രാജാവിനെ കൊന്നശേഷം, അവൻ പാശ്ചാത്യമല മ്പ്രദേശങ്ങളിലേക്കു രക്ഷപ്പെടുകയും, അവിടെ ഒരു സൈന്യത്തെ വളർത്തി, യോർദ്ദാനിലെ പ്രഭുക്കന്മാരെ പിടിച്ചു, തീവ്രമായ യുദ്ധത്തിൽ പതിനായിരം മോവാബ്യരെ കൊന്നുകളഞ്ഞു. അതു ആ പ്രദേശത്തിന്നു, ചുരുങ്ങിയതു എൺപതു വർഷത്തേക്കു, സമാധാനമുാക്കി.

**3. വടക്കുനിന്നുള്ള കനാന്യരുടെ ആക്രമണം.** – മെരോം തടാകത്തിൽവെച്ച്, യാബിന്റെ നേതൃത്വത്തിൽ, യോശുവ ഉത്തരസഖ്യത്തെ പരാജയപ്പെടുത്തിയിരുന്നു. പിന്നീട് വന്ന ഒരു യാബിന്റെ നേതൃത്വത്തിൽ ഉത്തര കനാന്യർ ചെന്നു ഉത്തര ഗോത്രങ്ങളെ ഇരുപതു വർഷത്തോളം പീഢിപ്പിച്ചു. ഒടുവിൽ നഫ്താലി ഗോത്രത്തിൽപെട്ട, ബാരാക്കിനെ കുലുക്കിയത്, വിശ്വാസവും ധൈര്യവുമായിരുന്ന ദെബോര എന്ന, പ്രവാചകി ആയിരുന്നു. പതിനായിരം പുരുഷന്മാരുള്ള ഒരു സൈന്യത്തെ ശേഖരിച്ച്, അവൻ എസ്ദ്രലോനിൽ വെച്ച് വലിയൊരു വിജയം നേടി. സിസേരാ എന്ന കനാന്യൻ നായകൻ, വെറും കാലിൽ ഓടി, മോശെയുടെ അമ്മായിയപ്പനായിരുന്ന, യിത്രോയുടെ പിൻഗാമി, കെന്യനായ ഹെബേരിന്റെ, ഭാര്യ യായേലിന്റെ കൂടാരത്തിലേക്കു, അഭയാർത്ഥിയായി കയറിച്ചെന്നു. യായേൽ അവളുടെ കാലത്തെ ചാർലോട്ട് കോർഡേ[2] ആണെന്നു തെളിയിച്ചു, സിസേരാ

ഉറങ്ങിയപ്പോൾ കൂടാരത്തിന്റെ ഒരു കുറ്റി എടുത്ത് അവന്റെ നെറ്റിയിൽ ആഞ്ഞടിച്ചിറക്കി. ശക്തമായ യുദ്ധത്തിന്റെ വിജയം ദെബോരാ ഗാനം ആലപിച്ചുകൊാണ് ആഘോഷിച്ചത് (ന്യായാ. 5).

**4. കിഴക്കുനിന്നുള്ള മിദ്യാന്യരുടെ ആക്രമണം.** – അബ്രഹാമിന്നു അവന്റെ ഭാര്യ കെത്തൂറയിൽ ജനിച്ച, അവന്റെ പിൻഗാമികളായ അറബികളായിരുന്നു മേദ്യാന്യർ. അവർ ദേശത്ത് സ്ഥിരതാമസക്കാരായിരുന്നില്ല, എന്നാൽ വിളവെടുപ്പു സമയത്ത്, എല്ലാം കൊള്ളയടിച്ചു, പോകുമായിരുന്നു. അവരുടെ മിന്നലാക്രമണം ഭീകരമായിരുന്നതുകൊ്, യിസ്രായേൽ മതിലുകളുള്ള പട്ടണങ്ങളിലേക്കും മലകളിലേക്കും ഗുഹകളിലേക്കും, ഓടിപ്പോകുമായിരുന്നു. മനശ്ശെ ഗോത്രത്തിൽ നിന്നു, ദൈവം ഗിദെയോൻ എന്ന വിടുവിപ്പുകാരനെ ഉയർത്തി. അവൻ തന്റെ അപ്പന്റെ ഭവനത്തിലും ഗ്രാമത്തിലും ഉള്ള വിഗ്രഹാരാധനയെ നശിപ്പിക്കുവാൻ തുടങ്ങി. പിന്നീട് അവൻ മുപ്പത്തിരായിരം പുരുഷന്മാരെ ചേർത്തു വലിയോരു സൈന്യത്തെ രൂപപ്പെടുത്തി, ദുർബ്ബല-ഹൃദയമുള്ളവരെ വീട്ടിൽ പറഞ്ഞയച്ചിട്ട് ബാക്കിയുള്ള പതിനായിരം പേരെ സജ്ജമാക്കി; പിന്നെയും യുദ്ധസമയത്ത് വെള്ളം കയ്യിലെടുത്തു നക്കികുടിക്കാവുന്നവരെ മൂന്നൂറാക്കി ചുരുക്കി. ആ ചെറിയ സംഘവുമായി ചെന്നു മിദ്യാന്യരിൽ വലിയ കുല നടത്തി, ബാക്കിയുള്ളവരെ കിഴക്കുള്ള മരുഭൂമി വരെ പിന്തുടർന്നു. ഉത്തരഗോത്രങ്ങൾ, അങ്ങനെ ബാരാക്കിന്റേയും ഗിദെയോന്റേയും, ആക്രമണങ്ങൾ ജയിച്ചു. ശക്തരായ മദ്ധ്യനിരയിലുള്ള എഫ്രയീമ്യർ തങ്ങൾക്കു ലഭിച്ച നിസാരമായ മഹത്വത്തിൽ നിരാശയിലായിരുന്നു; അവരുടെ ചെറിയ അസൂയയെ ഗിദെയോൻ ബുദ്ധിയോടെ അവരെ പ്രശംസിച്ച് ഇല്ലാതാക്കി (ന്യായാ. 8:1-3). ഗിദെയോൻ അന്നത്തെ നായകനായി തീർന്നു. അവന്നു കിരീടം വാഗ്ദാനം ചെയ്യപ്പെട്ടെങ്കിലും അവൻ അതു നിരസിച്ചു. അവന്നു കൂടുതൽ പ്രതീക്ഷയുായിരുന്നവനും, പക്ഷെ കുറച്ചു യോഗ്യത മാത്രം ഉായിരുന്നവനുമായ മകൻ അബിമെലേക്ക്, അവന്റെ സഹോദരന്മാരിൽ ഒരാളെ ഒഴിച്ച് എല്ലാവരെയും കൊന്നു, ശേഖേമിൽ കുറച്ചു-കാലം മാത്രം പ്രാദേശിക രാജാവായി വാണു. ഒരു ലഹള പൊട്ടിപ്പുറപ്പെടുകയും അവന്റെ കിരീടവും ജീവനും നഷ്ടമാകുകയും ചെയ്തു.

**5. കിഴക്കുനിന്നുമുള്ള അമ്മോന്യരുടെ ആക്രമണം.** – അമ്മോന്യരും, മോവാബ്യരെപോലെ, ലോത്തിന്റെ പിൻഗാമികളായിരുന്നു. യോർദ്ദാന്റെ കിഴക്കുഭാഗം കീഴടക്കുവാൻ അവർക്കു കഴിഞ്ഞതിൽ കിഴക്കെ മരുഭൂമിയെ അവകാശമാക്കുവാൻ അവർക്കു സാധിച്ചു. അവർ ഉടനെ കിഴക്കെ ഗോത്രങ്ങളെ സമ്മർദ്ദത്തിലാക്കുവാൻ തുടങ്ങി. യിഫ്താ വിടുവിക്കുന്ന ഒരു ഉപകരണമായിതീർന്നു. അവൻ അധഃപതിച്ച, അവകാശമില്ലാത്ത കുറ്റവാളിയായിരുന്നു, എന്നാൽ അവൻ ഓർമ്മിക്കപ്പെട്ട് പുനസ്ഥാപിക്കപ്പെടുകയും, അമ്മോന്യരെ പുറത്താക്കുവാനുള്ള സൈന്യത്തിന്റെ, തലവനാക്കുകയും ചെയ്തു. യുദ്ധത്തിൽ ജയിക്കുകയാണെങ്കിൽ, വീട്ടിലേക്കു മടങ്ങിവരുമ്പോൾ, ആദ്യം കുമുട്ടുന്നതു യഹോവക്കു സമർപ്പിക്കുമെന്നു, യുദ്ധത്തിനു പോകുന്നതിനു മുമ്പു അവൻ പ്രതിജ്ഞ ചെയ്തിരുന്നു. അവൻ യുദ്ധത്തിൽ ജയിക്കുകയും, മടങ്ങിവരുമ്പോൾ, ആദ്യം അവന്റെ മകളെ കുമുട്ടുകയും, അവളെ യഹോവക്കു പ്രതിജ്ഞപോലെ, സമർപ്പിക്കുകയും ചെയ്തു.

**6. തെക്കുപടിഞ്ഞാറുനിന്നുള്ള ഫെലിസ്ത്യരുടെ ആക്രമണം.** – ഫെലി

സ്ത്യർ മദ്ധ്യധരണ്യാഴിക്കടുത്തുള്ള ആക്രമണസ്വഭാവമുള്ള വ്യവസായിക ളായിരുന്നു. അവർ ഫൊയിനിക്യരുടെ എതിരാളികളായിരുന്നു, ഒരിക്കൽ ഫൊയിനിക്യയുടെ തോറിന്നു രാം സ്ഥാനമായിതീർന്ന, സിദ്ദോൻ പിടി ച്ചെടുക്കുകയും ചെയ്തു. യിസ്രായേലിന്റെ രൂഢമൂലമായ ശത്രുക്കളായി രുന്നു ഫെലിസ്ത്യർ, ന്യായാധിപന്മാരുടെ കാലത്തെല്ലാം അവരെ കഷ്ട പ്പെടുത്തിയിരുന്നു, ദാവീദ് അവരെ പൂർണ്ണമായി ഒതുക്കുന്നതുവരെ ഏകാ ധിപത്യസമയത്തും അവർ അതു തുടർന്നിരുന്നു. ദക്ഷിണ ഗോത്രങ്ങളായ ശിമെയോൻ, ദാൻ, യെഹൂദാ എന്നീ ഗോത്രങ്ങളെ പ്രത്യേകിച്ച് അവർ ആക്ര മിച്ചിരുന്നു. ഒടുവിൽ, ഒരുവിധത്തിൽ, ശ്രദ്ധേയ സൈനിക നായകനായ, ശിംശോൻ, ദാൻ ഗോത്രത്തിൽ ജനിക്കുന്നു. അവൻ നാസിർ[3] വൃത ത്തോടെയാണ് വരുന്നത്, അതായത്., അവന്റെ അമ്മ അശുദ്ധമായതൊന്നും ഭക്ഷിക്കയില്ലെന്നും, വീഞ്ഞും മദ്യവും കുടിക്കുകയില്ലെന്നും, അവന്റെ തല യിൽ ക്ഷൗരക്കത്തി തൊടുകയില്ലെന്നും പ്രതിജ്ഞ എടുത്തിരുന്നു. അവൻ എബ്രായരിൽ അതിശക്തനും, പലപ്പോഴും വിസ്മയം ജനിപ്പിച്ചവനും, ദേശ സ്നേഹിയും, ആയിരുന്നു. അവന്റെ വീടിനടുത്തുള്ള തെക്കുപടിഞ്ഞാറെ കുന്നുകളിൽനിന്നു, ഇടക്കിടക്ക് അവൻ ഫെലിസ്ത്യരെ കടന്നാക്രമിച്ചിരു ന്നു, അതു എല്ലായ്പ്പോഴും ഒറ്റക്കായിരുന്നു. ഫെലിസ്ത്യ സ്ത്രീകളെ അവൻ വിവാഹം കഴിച്ചത്, അവന്റെ വിജയത്തിനും വീഴ്ച്ചക്കും കാരണമായി; കാരണം അവൻ ബലഹീനനായ അജാനുബാഹു ആയിരുന്നു. ദെലീലയുടെ അഭ്യർത്ഥന മാനിച്ച്, തന്റെ ശക്തി ഏതിലെന്നു അവൻ വെളിപ്പെടുത്തി, അതു അവന്റെ നാസിർ വൃതലംഘനമായിരുന്നു, അങ്ങനെ, തല ക്ഷൗരം ചെയ്യുകയും ചെയ്തു. ശിംശോന്റെ പേർ കേട്ടാൽ ഫെലിസ്ത്യ മുഴുവൻ വിറച്ചിരുന്ന, അവന്റെ ജീവിതത്തിൽ, ദെലീലയുടെ മടിയിലേക്കു അവന്റെ തലകൊടുത്തത്, ഒരു തരംതാഴ്ത്തുന്ന അത്ഭുതദൃശ്യമായിരുന്നു. അവൻ അവളുടെ അടുക്കൽനിന്നു പോയതു, ദൈവത്തെ ആദരിക്കാതെ, ശത്രുക്ക ളുടെ ഇരയാകുവാനായിരുന്നു. ഒരു സ്ത്രീയുടെ ഉപായപ്രവൃത്തി മൂലം, ഇരു തടവറയിൽ കഴിയേിവന്നു, എന്നാൽ ഒരിക്കൽകൂടെ അവൻ തന്റെ പ്രതിജ്ഞ പുതുക്കുകയും, ശക്തി വീും ലഭിക്കുകയും ചെയ്തു. അവ രുടെ ദേവനായിരുന്ന ദാഗോന്റെ ഉൽസവത്തിൽ ജനങ്ങളെ രസിപ്പിക്കുവാൻ ശിംശോനെ കൊുവന്നു, അതു തന്റെ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനു വേി ജീവിതം ഉഴിഞ്ഞുവെച്ച സ്വിസ് വിങ്കിൾറീഡിനെ പോലെ ആയിരു ന്നു. ക്ഷേത്രത്തിൻ നടുത്തൂൺ പിഴുതുകൊു തന്റെ ശത്രുക്കളായിരുന്ന, ആയിരക്കണക്കിനു പേരോടുകൂടെ അവനും ജീവനോടെ അടക്കപ്പെട്ടു. ഫെലിസ്ത്യരുടെ ശക്തി ക്ഷയിച്ചില്ല; എന്നാൽ അവന്റെ പ്രവൃത്തി യിസ്രാ യേലിന്റെ ധൈര്യത്തെ ജ്വലിപ്പിച്ച് ശമുവേലിനും ദാവീദിനും സ്ഥിരമായി പ്രവർത്തിക്കുവാൻ പ്രചോദിപ്പിക്കുകയും ചെയ്തു.

### IV. രൂത്തിന്റെ കഥ.

രൂത്തിന്റെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്ന സംഭവങ്ങൾ നടന്നതു ചിലപ്പോൾ ന്യായാധിപന്മാരുടെ കാലത്തായിരിക്കാം. അക്കാലത്തെ മധുരം ജനിപ്പിക്കുന്ന ഒന്നായിരുന്നു അത്. പുസ്തകം മുഴുവനും വായിക്കേതു ്. എലിമെലേക്കും നവോമിയും ബേത്ലഹേമിലായിരുന്നു താമസിച്ചിരു ന്നത്. പല ആക്രമണങ്ങളിലൊന്നിൽ, നേരിട്ട് ക്ഷാമം നിമിത്തം, ആയിരിക്കാം,

അവർ മോവാബിലേക്കു, കുടിയേറിപാർക്കുവാൻ കാരണം. അവിടെ വെച്ച് അവരുടെ പുത്രന്മാർ വിവാഹം കഴിച്ചു. പത്തു വർഷം കടന്നുപോയി, ആ മൂന്നു സ്ത്രീകളും മക്കളില്ലാത്ത വിധവമാരായിതീർന്നു. നവോമി തന്റെ വീട്ടിലേക്കു മടങ്ങുവാൻ തീരുമാനിച്ചു. മറ്റു രു യുവതികളും അവളോടൊപ്പമുായിരുന്നു. അന്യദേശത്ത്, അകന്ന വംശത്തിൽ ആ പുത്രിമാർ എത്രത്തോളം ഏകാന്തമായി കഴിയുമെന്നോർത്ത് അവരെ പിന്തിരിപ്പിക്കുവാൻ, നവോമി ശ്രമിച്ചു. ഒടുവിൽ ഓർപ്പ സമ്മതിക്കുകയും, പിൻവാങ്ങി പോകുകയും ചെയ്തു. വളരെ ഉയർന്ന പ്രസ്താവനയായി പിന്നീട് തീരുന്ന ഭാഷയിലാണ് രൂത്ത് മറുപടി പറഞ്ഞത് (രൂത്ത് 1:16, 17). അത്തരം വിശ്വാസത്തിനും ഭക്തിക്കും പ്രതിഫലം ലഭിക്കാതെ പോയില്ല. ബേത്‌ലഹേമിലെത്തിയപ്പോൾ, രൂത്ത് അവളുടെ ഭർത്താവിന്റെ ബന്ധുവായ, ബോവസിന്റെ വയലിലേക്ക് പോയി. നവോമിയുടെ നിർദ്ദേശപ്രകാരം, ഭർത്താവിന്റെ പേരും അവകാശവും നിലനിർത്തുവാനായി ആ ബന്ധുവിനെ വിവാഹം കഴിക്കുവാൻ അവൾ തയ്യാറായി; അങ്ങനെ അവൾ ദാവീദിന്റേയും, മറിയയുടേയും, യേശുവിന്റേയും മുൻഗാമിയായിതീർന്നു ആദരിക്കപ്പെട്ടു.

### V. പ്രവാചകനും-ന്യായാധിപനുമായ, ശമുവേൽ.
### (1 ശമു. 1-10.)

മോശെക്കും ദാവീദിനും ഇടക്കുള്ളവരിൽ പ്രധാനപ്പെട്ട വ്യക്തിയായിരുന്നു ശമുവേൽ. അവന്റെ സമയത്ത് അവൻ ലൂഥറും യോഹന്നാൻ സ്നാപകനും ആയിരുന്നു. അവന്റെ ജനനം മുതൽ, മരണം വരെയുള്ള ജോലി മുഴുവനും, അധസ്ഥിതരുടെ ഉന്നമനത്തിനുവേിയായിരുന്നു. മക്കൾക്കുവേിയുള്ള എബ്രായ സ്ത്രീകളുടെ ദാഹത്തോടെ, മക്കളില്ലാതിരുന്ന ഹന്ന, ദൈവത്തോടു ചോദിക്കുകയും, അങ്ങനെ നൽകിയവനായിരുന്നു അവൻ. അതുകൊു അവനെ ശിലോവിലെ സമാഗമനകൂടാരത്തിൽ വളർത്തി.

മഹാപുരോഹിതനായിരുന്ന, ഏലി, അന്നത്തെ “ന്യായാധിപനും” ആയിരുന്നു. രു ഉദ്യോഗവും ഒരാൾ വഹിച്ചത് ആദ്യം അവനായിരുന്നു. അവൻ വ്യക്തിപരമായി നല്ലവനായിരുന്നെങ്കിലും, അവന്റെ മക്കളുടെ അസംഖ്യം പാപങ്ങളെ, അവൻ ശാസിച്ച് അകറ്റാതെ അനുവദിച്ചു.[4] ഏലിയുടെ ഗൃഹത്തിനു വരുവാനിരിക്കുന്ന നാശത്തെ ശമുവേൽ ബാലൻ മുഖാന്തരം, ദൈവം വെളിപ്പെടുത്തിക്കൊടുത്തു. പ്രസിദ്ധമായ ആഫേക്ക് യുദ്ധം നടക്കുകയും, ഫെലിസ്ത്യർ ഏലിയുടെ മക്കളെ കൊല്ലുകയും നിയമപെട്ടകം അവർ കൊുപോകയും ചെയ്തു. ആ വാർത്ത കേട്ട് ഏലി മരിച്ചുപോകയും ചെയ്തു. പിന്നീട് ആ ഇരു വർഷങ്ങൾക്ക് ആശ്വാസം വന്നത് ശമുവേലിനെ ദൈവത്തിന്റെ പ്രവാചകനാക്കിയപ്പോഴായിരുന്നു. ശമുവേലിന്റെ മഹത്തായ പ്രവൃത്തികളെ നമുക്ക് ഇപ്രകാരം ചുരുക്കി പറയാം:

(1) അവൻ വലിയൊരു ദേശിയ നവോത്ഥാനം വരുത്തുകയും, നിയമം പുതുക്കുകയും ആളുകളെ യഹോവയെ ആരാധിക്കുന്നതിലേക്കു തിരികെ കൊുവരികയും ചെയ്തു.
(2) തന്റെ ന്യായാധിപകാലത്ത്, വീും ഒരു ആക്രമണം നടത്തുവാൻ കഴിയാത്ത വിധത്തിലായിരുന്നു അവൻ ഫെലിസ്ത്യരുടെ ആക്രമണത്തെ ഒതുക്കിയത്.

(3) അവൻ പ്രവാചകന്മാരുടെ പാഠശാലകൾ സംഘടിപ്പിച്ചു.
(4) അവൻ തന്റെ ആയുഷ്കാലമൊക്കെയും യിസ്രായേലിനെ “ന്യായപാലനം” ചെയ്തു.
(5) രാജവാഴ്ച്ചക്കു വേ ഒരുക്കങ്ങൾ നടത്തിയതും പരിചയപ്പെടുത്തിയതും അവനായിരുന്നു, ആദ്യം ശൗലിനെ അഭിഷേകം ചെയ്യുകയും, അവനെ തള്ളിക്കളഞ്ഞപ്പോൾ, ദാവീദിനെ അഭിഷേകം ചെയ്തതും അവനായിരുന്നു. അതുകൊു ന്യായാധിപന്മാരിൽ നിന്നു രാജവാഴ്ച്ചയിലേക്കുള്ള മാറ്റത്തിന്റെ സമയത്തുള്ളവനായിരുന്നു ശമുവേൽ. ന്യായാധിപന്മാരിൽ മഹാനും അവസാനത്തേതുമായിരുന്നു അവൻ, മോശെക്കുശേഷമുള്ള പ്രവാചകന്മാരുടെ നിരയിൽ അവൻ ഏറ്റവും ഒന്നാംസ്ഥാനത്തു നിൽക്കുന്നു.

---

കുറിപ്പുകൾ

[1]ന്യായാ. 3:7, 9; 3:12, 15; 4:1, 3; 6:1, 7; 10:6, 10. [2]ഫ്രെഞ്ച് വിപ്ലവകാരിയായ ജീൻ പോൾ മറാട്ടിന്റെ ഘാതകനാണ് ചാർലോട്ട് കോർഡേ (1768–1793). [3]അല്ലെങ്കിൽ നസിറൈറ്റ്. [4]ഡീൻ “കഷ്ടപ്പെട്ടു.”